“Music gives a soul to the Universe, wings to the mind, flight to the imagination and life to everything “ - Plato

During a discussion in our Talented Bankers editorial board, it was decided that once again the weekly Talented Banker introduction may be done in English along with its Malayalam version. The talented banker was chosen and spoken to, after which she shared an audio clip of a classical music sung by her... what voice! It was a 2-minutes long soothening magic.. Where words fail, music definitely speaks..

We introduce with great pleasure, this week’s talented banker:

Aparna Rohit

Federal Bank

Muvattupuzha

She was born in Muvattupuzha to Shri. Ramesh, who works in the Rubber Board, and Smt. Saraswathy, who is a Canara Bank employee. She chose music as a playmate at a very young age that prompted her parents to teach her the art. At the age of three, around when she was introduced to the world of letters, she played with the swaras. Smt. Ramalakshmi teacher was her first guru and the mother who read the swaras for her and guided her, her mentor! Later she continued her music lessons with Shri. Chandramana Narayanan Namboodiri.

Aparna studied at the Nirmala Junior School from the kg to 4th standards, and then at the Nirmala Higher Secondary School, Muvattupuzha. All through her school years she participated in almost all kinds of musical events during the youth festivals. She was equally good at Carnatic music, light music, mappilapaatu, recitation, monoact, kadhaprasangam, and group events like ganamela, thiruvathira, margamkali... the list goes on.

She was the Kalathilakam at the Sub-District level Youth Festivals all through the lower primary years. As she didn’t participate in any dance competitions, she received the ‘Vyakthigatha championship’ in the sub-district and district youth festivals conducted during her upper primary classes.

Till the 10th standard every year she participated in the state level youth festivals outperforming at many levels.

Aparna confesses that her passion for music mattered more than her studies during those years - music was her life and soul! She beamed as she spoke of the time when she won third prize along with her friends for ganamela in the State level youth festival.

She remembers that her parents were her constant support and she was fortunate to be part of the get together of talents named ‘Prathibhasangamam’ conducted by ‘Akshaya Pusthaka Nidhi’ under the leadership of the renowned writer and former secretary of the Kerala Sahitya Academy, Shri. Paipra Radhakrishnan. She was one among those shortlisted and won the ‘Dakshinathilakam’ title at a programme organized by the Chennai Malayali Association in the year 2006.

During her school years, she also appeared in numerous programmes conducted by various television channels. When she was in the second grade she participated in the’Naadamadhuri’ in DD Malayalam, a programme overseen by none other than Shri. Kaithapram Damodaran Namboodiri. She then became part of ‘Sameeksha’ , another musical programme in DD Malayalam and a Kairali TV programme dedicated to poetry - ‘Aksharam’.

Though she performed even later, she regrets that she did not pursue her music lessons after school. She considers it her blessing to be part of the famous ‘Chembai Sangeethotsavam’.

Aparna has also received the opportunity to sing for a few devotional albums and perform in several radio stations like Thiruvananthapuram, Thrissur, Alappuzha, Kochi and Devikulam radio stations.

She did her BCA from the BPC  College Piravom and then joined the Ilahia College for Arts and Science, Muvattupuzha for MSc Computer Science. Right after her second semester there, she got selected in the Federal Bank Ltd in the year 2012. Her first branch was Budhanoor. Then she was transferred to Thengana branch and later to Puthupally branch, after which she joined her fourth branch in her hometown, Muvattupuzha.

From her college days, she almost forgot the beats of her music. Priorities changed, life moved on.. she got married to Shri. Rohit Satish who is working at Ernst & Young Global Ltd, and is blessed with a cute little darling, the two-year-old Ameya Rohit. Aparna quips that Ameya is more inclined to dance than music, and is planning to get the tiny tot enrolled to a dance school as soon as she gets her feet steady. Aparna's brother Nikhil too is working in the Federal Bank.

Aparna is now geared up and charged with bubbling energy, motivated as all the Talented Bankers are by our group. Though she feels the music in her is rusted, she is in the process of brushing and polishing her innate talent till it shines bright. We at the talented bankers group are extremely delighted by her resolve to rekindle her musical strings, and wish her and her lovely family all happiness, prosperity and musical harmony.

**മലയാളം പരിഭാഷ**

പ്രപഞ്ചത്തിന് ആത്മാവും, മനസ്സിന് ചിറകുകളും ഭാവനക്ക് അനന്തവിഹായസ്സും എന്തിനും ഏതിനും ജീവശ്വാസവും നൽകുന്നതാണ് സംഗീതം എന്ന് ലോകചിന്തകനായ പ്ലേറ്റോ.

അടുത്തിടെ എഡിറ്റോറിയൽ ബോർഡിലെ ചർച്ചകളിൽ പുതിയൊരാളെ പരിചയപ്പെടുത്താനുള്ള നിയോഗം എന്നിലേൽപ്പിക്കപ്പെട്ടപ്പോൾ എനിക്ക് ലഭിച്ച നാമനിർദേശത്തിനുടമയെ ഫോണിൽ ബന്ധപ്പെട്ടു. മറുമൊഴിയായി കിട്ടിയത് ഒരു സംഗീതസന്ദേശം. കാതുകളിൽ തേന്മഴ പോലെ അത് എന്നിൽ പെയ്തിറങ്ങി. വാക്കുകൾ തോൽക്കുന്നിടത്ത് സംഗീതം നിറഞ്ഞൊഴുകുന്നു എന്ന് ബോധ്യമായ നിമിഷം. ആ ശബ്ദസന്ദേശത്തിനുടമയെ ഞങ്ങൾ ഈ ആഴ്ച പരിചയപ്പെടുത്തുന്നു.

അപർണ രോഹിത്,

ഫെഡറൽ ബാങ്ക്,

മുവാറ്റുപുഴ.

റബ്ബർബോർഡ് ഉദ്യോഗസ്ഥനായ ശ്രീ രമേഷിന്റേയും കാനറാ ബാങ്ക് ജീവനക്കാരിയായ ശ്രീമതി സരസ്വതിയുടെയും മകളായി മൂവാറ്റുപുഴയിൽ ജനിച്ച അപർണക്ക് സംഗീതത്തെ കുഞ്ഞിലേ പരിചയപ്പെടുത്തിയതിൽ അമ്മയുടെ പങ്ക് വളരെ വലുതാണ്. അക്ഷരങ്ങൾ അറിയാൻ തുടങ്ങിയ പ്രായത്തിൽ അക്ഷരങ്ങൾ എഴുതി പഠിക്കുന്നതിനൊപ്പം അപർണ സ്വരങ്ങളെയും പരിചയപ്പെടാൻ തുടങ്ങി. ആദ്യഗുരുവായ രാമലക്ഷ്മി ടീച്ചർ നൽകിയ

സംഗീതപാഠങ്ങൾ അപർണയുടെ കുഞ്ഞുമനസ്സിലേക്ക് തെളിച്ചുകൊടുത്തത് അമ്മയാണ്. പിന്നീട് സംഗീതപഠനം ശ്രീ ചന്ദ്രമന നാരായണൻ നമ്പൂതിരിയുടെ ശിക്ഷണത്തിലേക്കായി.

കിന്റര്‍ ഗാര്‍ ട്ടന്‍ മുതല്‍ നാലാം സ്റ്റാന്റാര്‍ ഡ് വരെ മൂവാറ്റുപുഴ നിര്‍ മ്മല ജൂനിയര്‍ സ്കൂളിലും തുര്‍ ന്നുള്ള പഠനം നിര്‍ മ്മല ഹയര്‍ സെക്കണ്ടറി സ്കൂളിലുമായിരുന്നു. സ്കൂള്‍ പഠനകാലത്ത് കലാമത്സരങ്ങളില്‍ ഗാനശാഖയിലായിരുന്നു ശദ്ധ കേന്ദ്രീകരിച്ചിരുന്നത്. കര്‍ ണ്ണാടിക്, ലളിത ഗാനം, മാപ്പിളപ്പാട്ട്, പദ്യപാരായണം, ഏകാംഗം, കഥാപ്രസംഗം, ഗ്രൂപ്പ് ഇനങ്ങളായ ഗാനമേള, തിരുവാതിര, മാര്‍ ഗ്ഗംകളി എന്നിവയില്‍ മാറ്റുരയ്ക്കുവാനും മികച്ച നേട്ടങ്ങള്‍ കൈവരിക്കുവാനും കഴിഞ്ഞു.

പ്രൈമറി തലങ്ങളില്‍ തുടരെ, സബ്-ഡിസ്റ്റ്രിക്ട് യുവജനോത്സവ കലാതിലകമായി. എന്നാല്‍ അപ്പര്‍ പ്രൈമറി തലങ്ങളില്‍ സ്ബ് ജില്ല- ജില്ലാതലം വരെ ഗാനശാഖകളില്‍ മാത്രം മത്സരിച്ചു. നൃത്തയിനങ്ങളില്‍ നിന്നു വിട്ടുനിന്നതിനാല്‍ "കലാതിലകം" നഷ്ടമായി എങ്കിലും, പങ്കെടുത്ത ഇനങ്ങളില്‍ എല്ലാം തന്നെ "വ്യക്തിഗത ചാമ്പ്യനാവുകയും ചെയ്തു.

ഹൈസ്ക്കൂള്‍ തലമായപ്പോള്‍ സംസ്ഥാനതല യുവജനോത്സവവേദികള്‍ കീഴടക്കിയ പ്രകടനമായി മാറി.

സ്ക്കൂൾ പഠന കാലത്ത് പാഠ്യവിഷയങ്ങളേക്കാൾ ഇഷ്ടവും അടുപ്പവും സംഗീതത്തോടാണെന്ന് അപർണ്ണ സമ്മതിക്കുന്നു. സംഗീതമായിരുന്നു അന്ന് ജീവാത്മാവെന്ന് പറയാം. സംസ്ഥാന സ്കൂൾ യൂത്ത് ഫെസ്റ്റിവലിൽ കൂട്ടുകാർക്കൊപ്പം ഗാനമേളയ്ക്ക് മൂന്നാം സ്ഥാനം കിട്ടിയത് ഒരു കൊച്ചുകുഞ്ഞിന്റെ പ്രസരിപ്പോടാണ് നമ്മോട് പങ്കു വച്ചത്.

മാതാപിതാക്കളായിരുന്നു തന്റെ കഴിവുകൾക്ക് ഉറ്റ പിന്തുണയെന്ന് അപർണ്ണ പറയുന്നു ; അഭിമാനത്തോടെ. കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറിയും പ്രശസ്ത എഴുത്തുകാരനുമായ ശ്രീ പായിപ്ര രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള " അക്ഷയ പുസ്തക നിധി " നടത്തിയ കലാകാരന്മാരുടെ ഒത്തുചേരലായ "പ്രതിഭാ സംഗമം " എന്ന പരിപാടിയിൽ പങ്കെടുക്കുവാനും സംഗീതാവതരണം നടത്തുവാനായതിന്റെയും സന്തോഷം അപർണ്ണ മറച്ചുവയ്ക്കുന്നില്ല. 2006 ൽ ചെന്നൈ മലയാളി സമാജം നടത്തിയ സംഗീത മൽസരത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും , " ദക്ഷിണ തിലകം " ബഹുമതി നേടുകയും ചെയ്തു.

സ്കൂൾ കാലഘട്ടത്തിൽ തന്നെ വിവിധ ടെലിവിഷൻ ചാനലുകളിലെ സംഗീത പരിപാടികളിൽ അപർണ്ണ അന്നേ ഒരു സാന്നിദ്ധ്യമായിരുന്നു. മലയാളത്തിന്റെ പ്രിയ സംഗീതജ്ഞൻ ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി മുഖ്യാതിഥിയും വിധികർത്താവുമായ ദൂരദർശൻ മലയാളം ചാനലിലെ "നാദ മാധുരി " എന്ന പ്രോഗ്രാമിൽ അദ്ദേഹത്തിന് മുന്നിൽ തന്റെ കഴിവ് അവതരിപ്പിക്കാനായതും സന്തോഷത്തോടെ നമുക്കു മുന്നിൽ തുറന്നു വയ്ക്കുന്നു. അതേ ചാനലിലെ തന്നെ  മറ്റൊരു സംഗീത പ്രോഗ്രാമായ " സമീക്ഷ " യിലും; കവിതകൾക്കായി കൈരളി ടി.വി.യിലെ "അക്ഷരം " എന്ന പ്രോഗ്രാമിലും തന്റെ സംഗീത സാന്നിദ്ധ്യമറിയിക്കുവാൻ കഴിഞ്ഞു.

പിന്നീടും പരിപാടികൾ അവതരിപ്പിച്ചെങ്കിലും, തന്റെ സംഗീതപഠനം തുടരാത്തതിൽ അപർണക്ക് ദുഃഖമുണ്ട്. പ്രശസ്തമായ ചെമ്പൈ സംഗീതോത്സവത്തിൽ പങ്കെടുക്കാൻ കഴിഞ്ഞത് ജീവിതത്തിലെ അനുഗ്രഹമായി അപർണ കാണുന്നു. കൂടാതെ വിവിധ ഭക്തിഗാന ആൽബങ്ങളിൽ പാടുവാനും തിരുവനന്തപുരം, തൃശ്ശൂർ , ആലപ്പുഴ, കൊച്ചി, ദേവികുളം റേഡിയോ നിലയങ്ങളിൽ പരിപാടി അവതരിപ്പിക്കുവാനും ഈ ഗായികക്ക് കഴിഞ്ഞിട്ടുണ്ട്.

പിറവം ബിപിസി കോളേജിൽ നിന്നും ബിസിഎ ചെയ്തതിന് ശേഷം, അപർണ മൂവാറ്റുപുഴ ഇലാഹിയ കോളേജ് ഫോർ ആർട്സ് ആൻഡ് സയൻസിൽ MSc കമ്പ്യൂട്ടർ സയൻസിന് ജോയിൻ ചെയ്തു. അവിടെ രണ്ടാം സെമസ്റ്റർ കഴിഞ്ഞ ഉടനെ ഫെഡറൽ ബാങ്കിൽ ജോലി ലഭിച്ച് ബുധനൂർ ബ്രാഞ്ചിൽ തന്റെ ഔദ്യോഗിക ജീവിതം തുടങ്ങി. തുടർന്ന് തെങ്ങണ, പുതുപ്പള്ളി തുടങ്ങിയ ശാഖകളിൽ. ഇപ്പോൾ തന്റെ സ്വന്തം പട്ടണമായ മൂവാറ്റുപുഴയിൽ.

കോളേജ് കാലം മുതൽക്കേ സംഗീതത്തിലെ താളങ്ങളെ അപർണ മറന്നു തുടങ്ങിയിരുന്നു. ജീവിതത്തിലെ മുൻഗണനകൾ മാറി മറിയുമ്പോൾ അതൊക്കെ സ്വാഭാവികം മാത്രം. എൺസ്റ്റ് ആൻഡ് യങ്ങ് ഗ്ലോബൽ ലിമിറ്റഡിൽ ജോലി ചെയ്യുന്ന രോഹിത് സതീഷും കുഞ്ഞ് അമേയയും അടങ്ങിയ സന്തുഷ്ടകുടുംബം ആണ് അപർണയുടെ ലോകം ഇപ്പോൾ. അമേയക്ക് സംഗീതത്തേക്കാൾ ഇഷ്ടം നൃത്തത്തോടാണെന്നും, ഉടനെ തന്നെ നൃത്തച്ചുവടുകൾ പഠിപ്പിക്കണമെന്നും അപർണ കൂട്ടിച്ചേർത്തു. അപർണയുടെ സഹോദരനായ നിഖിലും ഫെഡറൽ ബാങ്കിലാണ് ജോലി ചെയ്യുന്നത്.

ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിൽ വന്നതിന് ശേഷം, ഗ്രൂപ്പിലെ മറ്റ് അംഗങ്ങളുടെ പ്രകടനങ്ങളും മറ്റും കണ്ട് അപർണ്ണയും ഇപ്പോൾ നല്ല ഉത്സാഹത്തിലാണ്. തന്റെ ഇഷ്ടമായ സംഗീതലോകത്തേക്ക് ഒരു തിരിച്ചുപോക്ക് മാത്രമാണ് ഇപ്പോൾ മനസ്സിൽ.

നമ്മുടെ ഗ്രൂപ്പിന്റെ ലക്ഷ്യം തന്നെ അംഗങ്ങളിൽ ഇങ്ങിനെയൊരു ചിന്ത വളർത്തുക

എന്നാണ്. ആ നിശ്ചയദാർഢ്യവുമായി മുന്നോട്ട് പോകുന്ന അപർണക്ക് എല്ലാ ആശംസകളും ഞങ്ങൾ നേരുന്നു.

-----------------------------------------------------------------------------------------------

Original English Article: Arya Gayathry , State Bank of India, LHO Thiruvananthapuram

മലയാള പരിഭാഷ : എഡിറ്റോറിയൽ പാനൽ